PROCEEDINGS OF
THE TRAVANCORE-COCHIN LEGISLATIVE ASSEMBLY
THIRD SESSION—1951
Tuesday, *the 27th March 1951*

Vol. III] OFFICIAL REPORT [No. 14

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Tuesday, the 27th March 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the numbers in the list of admitted questions for the day.)

Oral Answers

വനംപതിവു്

ഫ്രാൻ. (ഫ) ശ്രീ. സി. സി. പ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ.—

(എ) ഫ്രഫ്രാ നമ്പർ വനങ്ങളിൽനിന്നും കൃഷിക്കു വിതരണം ചെയ്തിട്ടുള്ള ഭൂമിയുടെ ഓഹരി ലഭിച്ചിട്ടുള്ളവരും, നിയമസഭയിൽ അംഗങ്ങളായിരിക്കുന്ന ആരെങ്കിലും മുമ്പുണ്ടായിരുന്നും ഭൂമി നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വീണ്ടും അപ്രകാരം ഭൂമി കൊടുക്കുന്നതിന്റെ മാനദണ്ഡം എന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): സർ, ഈ ചോദ്യം ഇങ്ങനെയാണു്. "ഫ്രഫ്രാ നമ്പർ വനങ്ങളിൽനിന്നും കൃഷിക്കു വിതരണംചെയ്തിട്ടുള്ള ഭൂമിയുടെ ഓഹരി ലഭിച്ചിട്ടുള്ളവരും, നിയമസഭയിൽ അംഗങ്ങളായിരിക്കുന്ന ആരെങ്കിലും മുമ്പുണ്ടായിരുന്നും ഭൂമി നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?" ഈ ചോദ്യം മനസ്സിലാകുന്നില്ല. അതുകൊണ്ടു ഉത്തരം തയാറാക്കാൻ സാധിച്ചിട്ടില്ല.

ശ്രീ. സി. സി. പ്രസാദ്: ചോദ്യം വായിച്ചാൽ മനസ്സിലാകുന്നതാണു്.

ശ്രീ. സി. കേശവൻ: ചോദ്യത്തിലെ വാചകം ശരിയാകാഞ്ഞതുകൊണ്ടു മനസ്സിലാകാതിരുന്നതാണു്.

മി. സ്പീക്കർ: 'കൃഷിക്കു വിതരണം ചെയ്തിട്ടുള്ള ഭൂമിയുടെ ഓഹരി ലഭിച്ചിട്ടുള്ളവരും നിയമസഭയിൽ അംഗങ്ങളായിരിക്കുന്നവരും' ആയ ആരെങ്കിലും ഭൂമി നൽകിയിട്ടുണ്ടോ എന്നാണോ മെമ്പർ ഉദ്ദേശിച്ചതു്?

ശ്രീ. സി. സി. പ്രസാദ്: അതെ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ: സി. കേശവൻ: അതാണുദ്ദേശിച്ചിരിക്കുന്നതെങ്കിൽ അതിനുള്ള വിവരങ്ങൾ ശേഖരിച്ചു അറിയിക്കാവുന്നതാണു്.

ശ്രീ. സി. വി. ഐയ്യ: സർ, അയാളുടെ ചോദ്യം വായിച്ചാൽ ഈ നിയമസഭയിലെ എല്ലാ മെമ്പറന്മാർക്കും വിതരണം ചെയ്തിട്ടുള്ള ഭൂമിയുടെ ഓഹരിലഭിച്ചിട്ടുണ്ടെന്നുതോന്നും. ഓഹരികിട്ടാത്ത ആളുകളാണു് ഇവിടെ അധികവും ഉള്ളതു്. അതുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രിക്കു കിട്ടിയിട്ടുള്ള വിവരംവച്ചു കൊണ്ടു ഇതിനു മറുപടി പറയുന്നതു നന്നായിരിക്കും.

ശ്രീ. സി. കേശവൻ: ഇതിനെസംബന്ധിച്ചുള്ള വിവരങ്ങൾ അറിയുന്നതിനു നിവൃത്തിയില്ലാതെപോയി. അതിനാൽ ഉത്തരം വരുത്തിയിട്ടില്ല. ഇപ്പോൾ ചോദ്യം മനസ്സിലായ സ്ഥിതിക്കു് ഉത്തരം വരുത്തിത്തരുന്നതിനു വിരോധമില്ല. രണ്ടുദിവസത്തിനകം തരാവുന്നതാണു്.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: ശ്രീ. സി. വി. ഐയ്യ പലപ്പോഴും 'അയാളുടെ' എന്നു പ്രയോഗിക്കുന്നു. അതു ശ്രീ. സി. സി. പ്രസാദു് സോഷ്യലിസ്റ്റു് പാർട്ടിയിലെ അംഗമായതുകൊണ്ടാണോ?

മി. സ്പീക്കർ: 'ആ ആൾ' എന്നു ചൂണ്ടിക്കാണിച്ചു പറഞ്ഞതേയുള്ളൂ എന്നു വരാം.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: 'അയാൾ' എന്നു പറയുന്നതു പാർലമെൻററിയാണോ?

മി. സ്പീക്കർ: മുൻപു ഇങ്ങനെ ഒരു പദപ്രയോഗം ഉണ്ടായിട്ടില്ല. 'ആ ആൾ' എന്ന അർത്ഥത്തിൽ 'അയാൾ' എന്നു പ്രയോഗിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. എന്നാൽ വേണ്ടത്ര ബഹുമാനസൂചകമായി അയാൾ എന്ന പദപ്രയോഗം എല്ലാ സ്ഥലങ്ങളിലും സാധാരണ കരുതാറില്ല. ഏതായാലും 'അയാൾ' എന്നോ, 'ആ ആൾ' എന്നോ പറയാതെ 'ബഹുമാനപ്പെട്ട മെമ്പർ' എന്നു പറയുന്നതു നന്നായിരിക്കും.

ശ്രീ. മന്ദത്തു പത്മനാഭപിള്ള: 'അയാൾ' എന്നതിനു പകരം അദ്ദേഹം എന്നാണു വകതിരിവുള്ള ആളുകൾ പറയുന്നതു്.

മി. സ്പീക്കർ: 'ബഹുമാനപ്പെട്ട മെമ്പർ' എന്നാണു പറയേണ്ടതു്.

ശ്രീ. എം. ഐ. പോൾ: സർ, ഒരു പോയിൻറ് ആഫ് ഇൻഫർമേഷൻ. ഇന്നലത്തെ ൭-ം, ൨൯-ം നമ്പർ ചോദ്യങ്ങളും, ഇന്നത്തെ ൫-ാം നമ്പർ ചോദ്യവും ഈ നിയമസഭ അവസാനിക്കുന്നതിനുമുമ്പു് ഉത്തരം പറയുന്നതിനായി മാററിവച്ചിരിക്കുകയാണല്ലൊ. ഇവയുടെ ഉത്തരം എന്നത്തേക്കു തരാമെന്നു അറിഞ്ഞാൽകൊള്ളാം.

ശ്രീ. സി. കേശവൻ: സർ, ഇന്നലത്തെ ൭-ാം നമ്പർ ചോദ്യത്തിൻറെ ഉത്തരം മേശപ്പുറത്തുവച്ചിട്ടുണ്ടു്.

ശ്രീ. എം. ഐ. പോൾ: സർ, ഉത്തരം മേശപ്പുറത്തുവയ്ക്കുവാനല്ല ഞാൻ ചോദിച്ചതു്. അതേപ്പററി ഈ സഭയിൽ വാദപ്രതിവാദം ചെയ്യുവാനാണു്.

മി. സ്പീക്കർ: അതായതു ദിവസങ്ങൾ കഴിഞ്ഞുവരുന്ന ഉത്തരങ്ങൾ മേശപ്പുറത്തുവയ്ക്കുന്നതിനേ നിവൃത്തിയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly